## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **3963**

**20.07.2015**-ൽ
മറുപടിക്ക്

### ഓൺലൈൻ വഴി ആധാരങ്ങൾ സംബന്ധിച്ച വിവരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആധാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ വഴി ലഭിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയിട്ടുള്ള ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ആധാരം സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി അറിയാൻ കഴിയുന്നതാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലാണ് ഈ സംവിധാനം ഉള്ളത്. എന്നാൽ ഭാവിയിൽ, രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർ വത്ക്കരണത്തിന്റെ വികസിതഘട്ടത്തിൽ, ആധാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലകളിലും ഓൺലൈനായി ലഭ്യമാകുന്നതാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ പദ്ധതിയുമായി സഹകരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹകരണത്തോടെ, രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ്പ് കാഴ്ചവയ്ക്കുവാനാവശ്യമായ നടപടികൾ ഭരണതലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ